**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1500** **01-02-2024 - ൽ മറുപടിയ്ക്ക്**

**കെട്ടിട നിർമ്മാണ ക്ഷേമനിധി സെസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എത്ര ഫ്ലാറ്റ് സമുച്ചയങ്ങൾ കെട്ടിട നിർമ്മാണ ക്ഷേമനിധി സെസ് അടച്ചിട്ടുണ്ട്; ഇതിലൂടെ എത്ര തുക ബോർഡിന് വരുമാനമായി ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | 521 ഫ്ലാറ്റ് സമുച്ചയങ്ങൾ കെട്ടിട നിർമ്മാണ ക്ഷേമനിധി സെസ്സ് അടച്ചിട്ടുണ്ട്; ഇതിലൂടെ<br>139,33,72,312/- രൂപ (നൂറ്റി മുപ്പത്തൊമ്പത് കോടി മുപ്പത്തി മൂന്ന ലക്ഷത്തി എഴുപത്തിരണ്ടായിരത്തി മുന്നൂറ്റി പന്ത്രണ്ട് രൂപ) വരുമാനമായി ലഭിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് എത്ര ഫ്ലാറ്റ് സമുച്ചയങ്ങൾ നിലവിലുണ്ട് എന്ന കണക്ക് ബോർഡിന് ലഭ്യമാണോ; വ്യക്തമാക്കുമോ; | (ബി) | റീജീയണൽ ലേബർ കമ്മീഷണർമാരിൽ നിന്നുള്ള റിപ്പോർട്ട് പ്രകാരം 1089 ഫ്ലാറ്റ് സമുച്ചയങ്ങൾ നിലവിലുണ്ട് |
| (സി) | ക്ഷേമനിധി സെസ് കൃത്യമായി പിരിച്ചെടുക്കുവാൻ സാധിക്കാത്തതിനാൽ വലിയ രീതിയിലുള്ള വരുമാന നഷ്ടം ഉണ്ടാകുന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; ഇതിന് എന്ത് പരിഹാരമാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ഉണ്ട്. കെട്ടിട നിർമ്മാണം പൂർത്തിയായി ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി സെസ്സ് തുക ഒടുക്കണം എന്ന വ്യവസ്ഥയോടുകൂടി ബിൽഡിംഗ് സെസ്സ് തുക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന പിരിച്ചെടുക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ